**Press Release**

# സീറോ മലബാർ സഭ
# അന്തർദ്ദേശീയ അല്മായ അസംബ്ലി
# ഓഗസ്റ്റ് 13, 14, 15 തീയതികളിൽ കൊച്ചിയിൽ

കൊച്ചി. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അന്തർദ്ദേശീയ അല്മായ അസംബ്ലി കൊച്ചിയിൽ ചേരുന്നു. സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഓഗസ്റ്റ് 13 മുതൽ 15 വരെയാണ് അല്മായ അസംബ്ലി.

ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സീറോ മലബാർ രൂപതകളിലെയും മിഷൻ കേന്ദ്രങ്ങളിലെയും അല്മായ പ്രസ്ഥാനങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെയും പ്രതിനിധികൾ അല്മായ അസംബ്ലിയിൽ പങ്കെടുക്കും. സഭാംഗങ്ങളായ വിദ്യാഭ്യാസ-ഉദ്യോഗസ്ഥ പ്രമുഖർ, കാർഷിക വിദഗ്ദ്ധർ, സാഹിത്യ, സാംസ്കാരിക, സാമൂഹ്യ, ജീവകാരുണ്യ പ്രവർത്തകർ തുടങ്ങി വിവിധങ്ങളായ മേഖലകളിൽ സേവനം ചെയ്യുന്നവരുടെ പ്രതിനിധികളും അസംബ്ലിയിൽ പങ്കെടുക്കുന്നതാണ്. ദേശീയ അന്തർദ്ദേശീയ തലങ്ങളിലുള്ള സീറോമലബാർസഭ വിശ്വാസിസമൂഹത്തെ മുഖ്യധാരയിൽ പങ്കുചേർത്ത് പരിപോഷിപ്പിക്കുവാൻ അല്മായ അസംബ്ലി ലക്ഷ്യമിടുന്നു.

എല്ലാ രാജ്യങ്ങളിലുമുള്ള സീറോ മലബാർ സഭാ അല്മായ സമൂഹത്തെ വിശ്വാസത്തിലും, പൈതൃകത്തിലും പ്രവർത്തനമേഖലകളിലും ശക്തിപ്പെടുത്തുക, സഭയുടെ വിവിധ തലങ്ങളിൽ അല്മായ പങ്കാളിത്തം സജീവമാക്കുക, സഭ നേരിടുന്ന വെല്ലുവിളികളിൽ അല്മായ പ്രതികരണത്തിനായുള്ള പൊതുവേദി ഒരുക്കുക, അല്മായ സമൂഹത്തിന്റെ അറിവും, പ്രവർത്തി പരിചയവും വൈദഗ്ദ്ധ്യവും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനുള്ള അവസരങ്ങളൊരുക്കുക, കുടുംബങ്ങളിലും, പ്രവർത്തന മേഖലകളിലും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക, സഭയുടെ പഠനങ്ങൾ, മാർഗ്ഗരേഖകൾ, നിയമങ്ങൾ, എന്നിവയെക്കുറിച്ച് വിശ്വാസി സമൂഹത്തിന് കൂടുതൽ അറിയുവാനുള്ള അവസരമുണ്ടാക്കുക, വിശ്വ സാഹോദര്യവും പരസ്പരസഹകരണവും വളർത്തിയെടുക്കുക എന്നിവയുടെ ലക്ഷ്യസാക്ഷാത്ക്കാരമാണ് അന്തർദ്ദേശീയ അല്മായ അസംബ്ലി.

**"സീറോ മലബാർ സഭ 2030"** എന്നതാണ് അസംബ്ലിയുടെ മുഖ്യവിഷയം. സഭയുടെ വിശ്വാസത്യങ്ങളിലും അടിസ്ഥാന പ്രമാണങ്ങളിലും അടിയുറച്ചുനിന്ന്, ആഗോളതലത്തിൽ വരും നാളുകളിൽ ആത്മീയ, സാമൂഹ്യസേവന, വിദ്യാഭ്യാസ, ആരോഗ്യ, വികസന, സാംസ്കാരിക, മാധ്യമ മേഖലകളിലെ സജീവ സാന്നിദ്ധ്യം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, കാർഷികരംഗത്തെ മുന്നേറ്റം ക്രൈസ്തവകുടുംബം, യൂത്ത് 2030, സ്ത്രീശക്തീകരണം തുടങ്ങിയ വിവിധ വിഷയങ്ങളിൽ സഭയുടെ മുന്നോട്ടുള്ള പ്രവർത്തന പദ്ധതികളെക്കുറിച്ച് അല്മായ അസംബ്ലി ചർച്ച ചെയ്യുന്നതാണ്.

സഭാ തലവനും മേജർ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വൈദികപ്രതിനിധികൾ എന്നിവർ അന്തർദ്ദേീയ അസംബ്ലിയിൽ അല്മായ പ്രതിനിധികളുമായി ആശയവിനിമയം നടത്തും.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും, വിദേശ രാജ്യങ്ങളിലുമുള്ള സീറോമലബാർ സഭാ വിശ്വാസിസമൂഹത്തിന്റെ വളർച്ചയും വെല്ലുവിളികളും അസംബ്ലിയിൽ പ്രതിപാദിക്കും. സഭയിലെ അല്മായ സംഘടനകളുടെയും കൂട്ടായ്മകളുടെയും, ഏകീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് കർമ്മ രേഖ തയ്യാറാക്കും. ആനുകാലിക രാഷ്ട്രീയ സാമൂഹിക വിഷയങ്ങളിൽ സഭാവിശ്വാസിസമൂഹത്തിന്റെ പ്രതികരണങ്ങൾ സമ്മേളനത്തിൽ പങ്കുവെയ്ക്കുന്നതാണ്. ജീവകാരുണ്യ രംഗങ്ങളിൽ സഭയുടെ സാന്നിദ്ധ്യം കൂടുതൽ ശക്തമാകുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള പദ്ധതികളും അന്തർദ്ദേശീയ അല്മായ അസംബ്ലി രൂപം നൽകും.

**അഡ്വ. വി സി സെബാസ്റ്റ്യൻ**
**സെക്രട്ടറി**